പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 5829 19.11.2019 ലെ മറുപടിയ്ക്ക്

## കൊണ്ടോട്ടി സബ്ട്രഷറി

**ചോദ്യം** **ഉത്തരം**

ശ്രീ.ടി.വി.ഇബ്രാഹിം

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ട്രഷറിയിലെ ജോലിഭാരം മൂലം ഇത് വിഭജിച്ച് മറ്റൊരു സബ്ട്രഷറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | നിലവിൽ പരിഗണനയിലില്ല. |
| (ബി) | സംസ്ഥാനത്തെ ട്രഷറി ഇടപാടിന്റെ തോത് അനുസരിച്ച് താലൂക്ക് ആസ്ഥാനത്തുള്ള ഒരു സബ്ട്രഷറിയിൽ എത്ര തസ്തികകളാണ് ഉണ്ടാവേണ്ടതെന്നും ഏതെല്ലാം തസ്തികകളാണെന്നും അറിയിക്കാമോ; | | സംസ്ഥാനത്തെ ട്രഷറികളിൽ, ഇടപാടുകളുടെ എണ്ണം (സേവിംഗ്സ് ബാങ്ക്, പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവയുടെ വിവിധ അക്കൗണ്ടുകൾ) ഡ്രോയിംഗ് &ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ (ഡി.ഡി.ഒ) എണ്ണം, മുദ്രപ്പത്ര വിതരണത്തിനായുള്ള അംഗീകൃത വെണ്ടർമാരുടെ എണ്ണം എന്നീ വിവിധ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത്. എല്ലാ സബ്ട്രഷറികളിലും സബ്ട്രഷറി ഓഫീസർ തസ്തിക നിർബന്ധമായും ഉണ്ടാകേണ്ടതാണ്. മറ്റു തസ്തികകൾ ജൂനിയർ സൂപ്രണ്ട്/എസ്.ബി പാസ്സിംഗ് ഓഫീസർ, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, ജൂനിയർ അക്കൗണ്ടന്റ്, ട്രഷറർ, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവയാണ്. എന്നാൽ ജീവനക്കാരുടെ എണ്ണം ഓരോ ട്രഷറിയിലും ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കും. |
| (സി) | കൊണ്ടോട്ടി സബ്ട്രഷറിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ